## പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.200 | 04.02.2013 ന് മറുപടിയ്ക്ക്.

### കാട്ടാനകളുടെ ആക്രമണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ. ശിവദാസൻ നായർ<br>ശ്രീ.പി. സി. വിഷ്ണുനാഥ് | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) കൃഷിഭൂമിയിലും മനുഷ്യരുടെ വാസസ്ഥലങ്ങളിലും ഇറങ്ങുന്ന കാട്ടാനകളെ തുരത്തുന്നതിനായി കാട്ടാനശല്യം കൂടുതലുള്ള പ്രദേശങ്ങളിൽ ആന പ്രതിരോധ കിടങ്ങുകൾ, സൗരോർജ്ജ വൈദ്യുത കമ്പിവേലികൾ, ആനപ്രതിരോധ മതിലുകൾ മുതലായവ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ വയനാട്ടിൽ നബാർഡിന്റെ സഹായത്തോടെ 6 (ആറ്) കോടി രൂപ ചെലവഴിച്ച് സൗരോർജ്ജ കമ്പിവേലി നിർമ്മിക്കുന്നതിനുള്ള ഒരു പദ്ധതി കേരളാ വനം വികസന കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്നു. കാട്ടിൽ നിന്ന് നാട്ടിലേയ്ക്കിറങ്ങി കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേയ്ക്ക് തുരത്തിയോടിക്കുന്നതിനായി റെയിഞ്ചാഫീസർമാരുടെ നേതൃത്വത്തിൽ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നീ സ്ഥലങ്ങൾ ആസ്ഥാനമാക്കി 8 റാപ്പിഡ് റെസ്പോൺസ് ടീമുകളെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ഒരു സ്ഥിരം ടാസ്ക് ഫോഴ്സ് ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) മേൽ ഉത്തരത്തിൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരം 8 സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളെ നിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. കൂടാതെ പരിശീലനം സിദ്ധിച്ച കുങ്കി ആനകളെ ഉൾപ്പെടുത്തി ഇത്തരം സന്ദർഭങ്ങൾ കൈകാര്യം ചെയ്യുന്നതിനായി എലിഫന്റ് സ്ക്വാഡ് രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിഗണിക്കുന്നുണ്ട്. ആയതിനുള്ള ആദ്യത്തെ എലിഫന്റ് സ്ക്വാഡ് വയനാട്ടിൽ രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

(സി) ടാസ്ക് ഫോഴ്സിന്റെ പ്രവർത്തന രീതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള റാപ്പിഡ് റെസ്പോൺസ് ടീം, ആനകൾ കാടിനു വെളിയിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെടുമ്പോൾ, ഈ പ്രദേശങ്ങളിൽ എത്തിച്ചേരുകയും ആനകളെ കാട്ടിലേക്ക് തിരിച്ചയക്കുവാൻ നാട്ടുകാരുടേയും, വനം വകുപ്പ് നിയോഗിക്കുന്ന വാച്ചർമാരുടേയും സഹായത്തോടെ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. ഭാവിയിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന എലിഫന്റ് സ്ക്വാഡിൽ പരിശീലനം സിദ്ധിച്ച കുങ്കി ആനകളും, വിദഗ്ധരായ വെറ്ററിനറി ഡോക്ടർമാരും ഉൾപ്പെടുന്നതാണ്. ഈ സ്ക്വാഡിന്റെ സേവനം ഉപയോഗിച്ച് ശല്യക്കാരായ ആനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ ഉൾക്കാട്ടിലേക്ക് തിരിച്ച് അയയ്ക്കാൻ ശ്രമിക്കുന്നതും, വിജയിക്കാത്ത ഇടങ്ങളിൽ മയക്കമരുന്ന് വെടിവെച്ച് അവയെ ശല്യപ്രദേശങ്ങളിൽ നിന്നും മാറ്റുന്നതുമാണ്.

(ഡി) എവിടെയെല്ലാം ഇവയുടെ പ്രവർത്തനം പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നു; വിശദമാക്കുമോ?

(ഡി) ആരംഭത്തിൽ വയനാട് ജില്ലയിലും, പിന്നീട് പ്രശ്നത്തിന്റെ രൂക്ഷത അനുസരിച്ച് മറ്റിടങ്ങളിലും രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.